**2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ആവശ്യമായ രേഖകൾ**
**വിവാഹതീയതിക്ക് 45-ദിവസത്തിനകം രജിസ്റ്റർ ചെയ്യണം**

1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച് വരനും വധുവും ഒപ്പിട്ട് വിവാഹരജിസ്റ്റാർ (ഹെൽത്ത് ഓഫീസർ, തൃശ്ശൂർ കോർപ്പറേഷൻ) ക്കുള്ള അപേക്ഷ (വിവാഹം രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും )
2. ഓഫീസിൽനിന്നും ലഭിക്കുന്ന ഫോറം നം. 1 രണ്ടെണ്ണം ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ പൂരിപ്പിക്കണം. വരൻ,വധു,മാതാപിതാക്കൾ,സാക്ഷികൾ എന്നിവരുടെ വിലാസം,പിൻകോഡ്,ജില്ല സഹിതം എഴുതുക
3. വരന്റെ 3ഉം വധുവിന്റെ 3ഉം പാസ്സ്പോർട്ട് സൈസ് ഫോട്ടോ .
4. വയസ്സ്, ജനനതീയതി, മേൽവിലാസം ഇവ തെളിയിക്കുന്നതിനുള്ള രേഖ (സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്സ്പോർട്ട്, ) ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
5. വയസ്സ് രേഖപ്പെടുത്തുമ്പോൾ വിവാഹ സമയത്ത് പൂർത്തിയായ വയസ്സ് രേഖപ്പെടുത്തണം,വരന്റേയും വധുവിന്റേയും തൊഴിൽ വയസ്സിന്റേയും ജനനതിയ്യതിയുടേയും തൊട്ടുതാഴെ രേഖപ്പെടുത്തേണ്ടതാണ്. തൊഴിൽ ഇല്ലെങ്കിൽ ഇല്ല എന്നു രേഖപ്പെടുത്തേണ്ടതാണ്.
6. വിവാഹ ക്ഷണപത്രിക.
7. വിവാഹം നടന്ന ഹാൾ/ക്ഷേത്രം/പള്ളി എന്നിവിടങ്ങളിൽവെച്ച് വിവാഹം നടന്നെന്ന് കാണിക്കുന്ന സാക്ഷ്യപത്രം.,വിവാഹസ്ഥലത്തിന്റെ, വില്ലേജ്,താലൂക്ക്,ജില്ല എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്
8. മത/സമുദായസ്ഥാപനങ്ങളിൽനിന്നുള്ള സർട്ടിഫിക്കറ്റ്.
9. വിവാഹം നടന്നത് വീട്ടിലാണെങ്കിൽ കൗൺസിലറുടെ കത്ത്, കൂടാതെ ബന്ധപ്പെട്ട സർക്കിൾ/സോണൽ HI യുടെ അന്വേഷണ റിപ്പോർട്ട്.
10. വധൂവരന്മാർ പങ്കെടുക്കുന്ന വിവാഹചടങ്ങിന്റെ ഫോട്ടോ.
11. വിവാഹഫോറം നം. 1 ൽ വരനും വധുവും 2 സാക്ഷികളും നിർബന്ധമായും ഒപ്പു വെക്കേണ്ടതാണ്., സാക്ഷികൾ അടുത്തബന്ധുക്കളാകരുത്., സാക്ഷികളുടെ I.D കാർഡ്
12. വിവാഹ രജിസ്ട്രേഷന് 10 രൂപയും സർട്ടിഫിക്കറ്റിന് 5 രൂപയും ഫീ അടക്കണം.
13. രജിസ്ട്രേഷൻ സമയം രാവിലെ 10 മുതൽ 1 മണി വരെ മാത്രമായിരിക്കുന്നതാണ്.
14. സാക്ഷികളുടെ I.D. Proof Copy ഹാജരാക്കണം
15. അറിയിപ്പ് നല്കുന്ന സ്ലിപ്പ് കൊണ്ടുവരേണ്ടതാണ്.